കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കാസറഗോഡ് മുനിസിപ്പാലിറ്റി

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
കാസർഗോഡ്-671121

ഇ-മെയിൽ: mlksd.ksad@kerala.gov.in

ഫോൺ : 04994-230051

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എസ്.എം2/80/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
കാസർഗോഡ്-671121
തീയ്യതി: 29/03/2025
ഇ-മെയിൽ: mlksd.ksad@kerala.gov.in
ഫോൺ: 04994-230051

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കാസറഗോഡ് മുനിസിപ്പാലിറ്റി

സർ,

വിഷയം : കാസറഗോഡ് മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാസറഗോഡ് മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ) തിരുവനന്തപുരം (ഉപരിപത്രം സഹിതം)
5. ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കാസറഗോഡ്
6. കാര്യാലയ പ്രതി.

നമ്പർ: കെ.എസ്.എ.കെ.എസ്.എം2/80/2025

തീയ്യതി: 29/03/2025

കാസർഗോഡ് ജില്ലയിലെ കാസറഗോഡ് മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കാസറഗോഡ് മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 83 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 83 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-03-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.മാത്യു ജേക്കബ്	ഡെപ്യൂട്ടി ഡയറക്ടർ	11-04-2024	28-06-2024

ശ്രീ.സുധീഷ് എം.പി.	ഡെപ്യൂട്ടി ഡയറക്ടർ(ഇൻ ചാർജ്ജ്)	29-06-2024	30-06-2024
ശ്രീ.രഞ്ജിത്ത് കുമാർ ജി	ഡെപ്യൂട്ടി ഡയറക്ടർ	01-07-2024	29-03-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
11-04-2024	10-03-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുധീഷ് എം.പി, ഓഡിറ്റ് ഓഫീസർ,11.04.2024 മുതൽ 02.07.2024 വരെ

ശ്രീ. ഈശ്വരചന്ദ്രൻ നമ്പൂതിരി ടി.സി., ഓഡിറ്റ് ഓഫീസർ,11.07.2024 മുതൽ 10.03.2025 വരെ

ശ്രീ. ശിവശങ്കര കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ, 11.04.2024 മുതൽ 10.03.2025 വരെ

ശ്രീ. ഷൈജു സി., സീനിയർ ഗ്രേഡ് ഓഡിറ്റർ, 11.04.2024 മുതൽ 01.07.2024 വരെ

ശ്രീമതി. അന്ന അബ്രഹാം സീനിയർ ഗ്രേഡ് ഓഡിറ്റർ, 17.07.2024 മുതൽ 28.02.2025 വരെ

ശ്രീ. അഭിഷേക് കെ., ഓഡിറ്റർ 11.04.2024 മുതൽ 03.06.2024 വരെ

ശ്രീമതി. ശരണ്യ കെ.വി., ഓഡിറ്റർ, 29.06.2024 മുതൽ 10.03.2025 വരെ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
അഡ്വ. വി.എം. മുനീർ	ചെയർമാൻ	01-04-2023	17-01-2024
ശ്രീമതി.ഷംസീദ ഫിറോസ്(അഡീഷണൽ ചാർജ്ജ്))	ചെയർപേഴ്സൺ	17-01-2024	31-01-2024
ശ്രീ.അബ്ബാസ് ബീഗം	ചെയർമാൻ	01-02-2024	31-03-2024
ശ്രീ.സുരേഷ് കുമാർ എൻ.	സെക്രട്ടറി	01-04-2023	26-06-2023
ശ്രീമതി.ഷർമിള പി.	സെക്രട്ടറി-ഇൻ-ചാർജ്ജ്	27-06-2023	30-07-2023
ശ്രീ.ദിലീഷ് എൻ.ഡി	സെക്രട്ടറി-ഇൻ-ചാർജ്ജ്	31-07-2023	11-10-2023
ശ്രീ.ജസ്റ്റിൻ പി.എ.	സെക്രട്ടറി	11-10-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ. വീണ പി.എസ്	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ശ്രീ.അർജ്ജുൻ കുമാർ	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	05-11-2023
ശ്രീമതി.മഹിജ പി.വി.	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	06-11-2023	30-12-2023

ശ്രീ.ഉമേഷ	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	31-12-2023	31-03-2024
ശ്രീമതി.ദിൽന കെ.എം.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീമതി. ശ്രീജ എം.പി.	കൃഷി ഓഫീസർ	01-04-2023	31-03-2024
ശ്രീമതി.ധനലക്ഷ്മി എം.	ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	15-07-2023
ശ്രീ.ഗോപാലകൃഷ്ണൻ പി.വി.	ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ (അഡീഷണൽ ചാർജ്ജ്))	16-07-2023	01-08-2023
ശ്രീ.വീരേന്ദ്രകുമാർ കെ.	ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ	02-08-2023	31-03-2024
ഡോ.രാജാറാം കെ.കെ	മെഡിക്കൽ ഓഫീസർ/ സൂപ്രണ്ട് ജനറൽ ആശുപത്രി	01-04-2023	31-05-2023
ഡോ.ജമാർ അഹമ്മദ് എ.	മെഡിക്കൽ ഓഫീസർ/ സൂപ്രണ്ട് ജനറൽ ആശുപത്രി	01-06-2023	04-12-2023
ഡോ.ശ്രീകുമാർ മുകുന്ദൻ	മെഡിക്കൽ ഓഫീസർ/ സൂപ്രണ്ട് ജനറൽ ആശുപത്രി	05-12-2023	31-03-2024
ഡോ.വിജയകുമാർ	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2023	31-05-2023
ഡോ.വിശ്വനാഥൻ കെ.	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-06-2023	02-07-2023
ഡോ.ശ്യാം സുന്ദർ	മെഡിക്കൽ ഓഫീസർ, ആയുർവേദം	03-07-2023	06-01-2024
ഡോ.ലൗലി ഫിലിപ്പ്	മെഡിക്കൽ ഓഫീസർ, ആയുർവേദം	07-01-2024	31-03-2024
ശ്രീ.മുഹമ്മദ് കുഞ്ഞി കെ.സി.	പ്രിൻസിപ്പാൾ, ജി.എച്ച്.എസ്.എസ്. കാസറഗോഡ്.	01-04-2023	26-07-2023
ശ്രീമതി.സിമി എം.വി.	പ്രിൻസിപ്പാൾ, ജി.എച്ച്.എസ്.എസ്. കാസറഗോഡ്.	27-07-2023	19-02-2024
ശ്രീമതി.മിനി ജോൺ തയ്യിൽ	പ്രിൻസിപ്പാൾ, ജി.എച്ച്.എസ്.എസ്. കാസറഗോഡ്.	20-02-2024	12-03-2024

ശ്രീമതി.ബിന്ദു ആർ.	പ്രിൻസിപ്പാൾ, ജി.എച്ച്.എസ്.എസ്. കാസറഗോഡ്.	13-03-2024	31-03-2024
ശ്രീ.രഞ്ജിത്കുമാർ എ.പി.	ഹെൽത്ത് സൂപ്പർവൈസർ	01-04-2023	31-07-2023
ശ്രീമതി.നാരായണി	ഹെൽത്ത് സൂപ്പർവൈസർ	01-08-2023	06-08-2023
ശ്രീ.ലതീഷ് കെ.സി.	ഹെൽത്ത് സൂപ്പർവൈസർ	07-08-2023	31-03-2024
ശ്രീ.പ്രമോദ് എസ്.	മെമ്പർ സെക്രട്ടറി, സിഡിഎസ് & പ്രൊജക്ട് ഓഫീസർ, നഗരദാരിദ്ര ലഘൂകരണ സെൽ	01-04-2023	12-07-2023
ശ്രീ.പോൾ പി.ബി.	മെമ്പർ സെക്രട്ടറി, സിഡിഎസ് & പ്രൊജക്ട് ഓഫീസർ, നഗരദാരിദ്ര ലഘൂകരണ സെൽ	13-07-2023	20-08-2023
ശ്രീ.ജയചന്ദ്രൻ പി.വി.	മെമ്പർ സെക്രട്ടറി, സിഡിഎസ് & പ്രൊജക്ട് ഓഫീസർ, നഗരദാരിദ്ര ലഘൂകരണ സെൽ	21-08-2023	31-03-2024
ഡോ.സ്മിത വേലായുധൻ	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2023	30-09-2023
ഡോ.പ്രശാന്ത് എസ്.	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-10-2023	31-03-2024
ശ്രീ.ശരത്ത് ടി.വി.	പട്ടിക ജാതി വികസന ഓഫീസർ	01-04-2023	27-04-2023
ശ്രീ.ലക്ഷ്മി നാരായണ നായ്ക്ക് എസ്.	പട്ടിക ജാതി വികസന ഓഫീസർ	28-04-2023	17-12-2023
ശ്രീ.ശരത്ത് ടി.വി.	പട്ടിക ജാതി വികസന ഓഫീസർ	18-12-2023	03-03-2024
ശ്രീ.ഹരീഷ് കുമാർ പി.	പട്ടിക ജാതി വികസന ഓഫീസർ	04-03-2024	31-03-2024
ശ്രീ.അനിൽ കുമാർ	ഫിഷറീസ് ഇൻസ്പെക്ടർ	01-04-2023	31-07-2023
ശ്രീ.ഷിനാസ് എൻ.	ഫിഷറീസ് ഇൻസ്പെക്ടർ	01-08-2023	28-09-2023
ശ്രീമതി.ചന്ദന ദിനകരൻ	ഫിഷറീസ് ഇൻസ്പെക്ടർ	29-09-2023	31-03-2024
ശ്രീ.ദിലീഷ് എൻ.ഡി.	നഗരസഭ എഞ്ചിനീയർ	01-04-2023	31-03-2024
ശ്രീ.ജോമോൻ ടി.പി.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	20-07-2023
ശ്രീ.അനിൽ കുമാർ	അസിസ്റ്റന്റ് എഞ്ചിനീയർ (അഡീഷണൽ ചാർജ്ജ്))	21-07-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	കെ സ്മാർട്ട് ആപ്ലിക്കേഷൻ- പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള അപാകതകളും ന്യൂനതകളും	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനോടൊപ്പം ഹാജരാക്കിയിട്ടില്ല.	1-1-2
4	കുടിശ്ശിക തുക പരിശോധിക്കാനുള്ള രേഖകൾ ലഭ്യമാക്കിയില്ല.	1-1-3
5	ഡെപോസിറ്റ് തുകകൾ പൊരുത്തപ്പെടുന്നില്ല.	1-1-4
6	റസീപ്റ്റ് ആൻഡ് പേയ്മെന്റിലുള്ള തുകയും സാംഖ്യ ലെഡ്ജർ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.	1-1-5
7	അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല.	1-1-6
8	അക്കൗണ്ടുകളുടെ ബാലൻസ് പരിശോധിക്കുന്നതിനാവശ്യമായ ബാങ്ക്,ട്രഷറി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കിയിട്ടില്ല.	1-1-7
9	വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.	1-1-8
10	വസ്തുനികുതി,തൊഴിൽ നികുതി, വാടക എന്നിവയുടെ ഡിമാന്റ്, കളക്ഷൻ,ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.	1-1-9
11	വരവ് ഇനങ്ങളുടെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.	1-1-10
12	തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള ലോൺ വിവരങ്ങൾ ലഭ്യമല്ല.	1-1-11
13	2022-23 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ബാധ്യത തുകകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം.	1-1-12
14	ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ 31.03.2024 വരെ Cheques Deposited But Not Collected ആയുള്ള തുകകൾ അക്കൗണ്ടിൽ ക്രഡിറ്റ് ആയോയെന്ന് വ്യക്തമല്ല.	1-1-13
15	ഡിമാന്റ് തുക വരവിനേക്കാൾ കുറവ്	1-1-14
16	I-18 ഷെഡ്യൂൾ പ്രകാരമുള്ള Prior Period ഇനങ്ങളുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകളില്ല.	1-1-15
17	വസ്തുനികുതിയുടെ ഡിമാന്റ് , കളക്ഷൻ , ബാലൻസ് പൊരുത്തപ്പെടുന്നില്ല	1-1-16
18	Equity Share സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല	1-1-17
19	തൊഴിലുറപ്പുമായി ബന്ധപ്പെട്ടുള്ള ട്രഷറി അക്കൗണ്ട് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടില്ല	1-1-18
20	കാഷ് നീക്കിയിരിപ്പ് അക്കൗണ്ടിൽ ഒടുക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല	1-1-19
21	ബജറ്റ്	1-2
22	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം).	1-3
23	ഫണ്ട് വിനിയോഗം	1-4
24	പദ്ധതി അവലോകനം	1-5
25	അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി	1-6

26	അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നത് തടയുന്നതിന് നഗരസഭ സ്വീകരിച്ച നടപടികൾ	1-7-1
27	ക്ഷേമ പദ്ധതികൾ	1-7
28	ക്യാഷ് വെരിഫിക്കേഷൻ.	1-8
29	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-9
30	ആഭ്യന്തര നിയന്ത്രണം.	1-10
31	നഗരസഭ കൗൺസിലിൽ ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യുന്നില്ല.	1-11
32	2023-24 വർഷത്തിൽ പുതുതായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുടെ ഉടമകളിൽ നിന്നും പഴയ നിരക്കിൽ വസ്തു നികുതി ഈടാക്കി.	1-12
33	പാർപ്പിടാവശ്യം,വാണിജ്യാവശ്യം എന്നീ വിഭാഗത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ആകെ തറവിസ്തീർണ്ണത്തിന് ആനുപാതികമായ നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കുന്നില്ല.	1-13
34	സ്വിമ്മിങ്പൂളുകൾ, ടർഫ് കോർട്ട്, ജിംനേഷ്യങ്ങൾ എന്നിവയ്ക്ക് വസ്തു നികുതി ഈടാക്കുന്നില്ല.	1-14
35	അൺഎയിഡഡ് സ്കൂളുകളുടെ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഈടാക്കുന്നില്ല.	1-15
36	വസ്തു നികുതി പരിഷ്കരണം പൂർത്തിയായില്ല-നികുതി നഷ്ടം	1-16
37	മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക- ₹1471715 ഈടാക്കേണ്ടതാണ്.	1-17
38	വേക്കൻസി റമിഷന്റെ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല.	1-18
39	വസ്തു നികുതി- ₹38,757,184 കുടിശ്ശിക-നഗര സഭയ്ക്ക് ലഭ്യമാകേണ്ട ഗ്രാന്റുകൾ നഷ്ടമാകുന്നു-തനത് വരുമാന വർദ്ധനവ് അനിവാര്യം	1-19
40	വിനോദ നികുതി വൈകി അടവാക്കിയതിന് പിഴ ഈടാക്കിയിട്ടില്ല.	1-20
41	കംഫർട്ട് സ്റ്റേഷൻ നടത്തിപ്പ് - ശ്രീ ശംഭുകുമാർ സിംഗ് എന്നവരിൽ നിന്ന് കുടിശിക തുക ഈടാക്കുന്നതുമായി ബന്ധപ്പെട്ട കേസ്-നിലവിലെ സ്ഥിതിവിവരം ലഭ്യമല്ല.	1-21
42	കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.	1-22
43	ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.	1-23
44	ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്	1-24
45	റേഷൻ കടകൾ സ്ഥാപന തൊഴിൽ നികുതി , ലൈസൻസ് ഫീ എന്നിവ അടവാക്കാതെ പ്രവർത്തിക്കുന്നു.	1-25
46	സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.	1-26
47	പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള ലൈസൻസ് അനുവദിച്ചു.	1-27
48	ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല	1-28
49	വാടക കുടിശ്ശിക – 2029340/-രൂപ ഈടാക്കാനവശേഷിക്കുന്നു.	1-29
50	വാടക പരിശോധന -പൊതു അപാകതകൾ	1-30
51	വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ -വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത് -നിയമസഭാ സമിതി നിർദ്ദേശം പാലിച്ചിട്ടില്ല.	1-31
52	കെട്ടിട നിർമാണം ഫയൽ പരിശോധന – അപാകതകൾ	1-32
53	IBPMS മുഖേനയുള്ള ബിൽഡിംഗ് പെർമിറ്റ് ഫീ-കൃത്യത പരിശോധിക്കാൻ സംവിധാനമില്ല	1-33

54	ഇ ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തനത് ഫണ്ടിലേക്ക് തിരികെ ലഭിച്ചില്ല	1-34
55	സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് തൻവർഷം ലഭ്യമാക്കിയില്ല	1-35
56	നഗരസഭയിൽ ദുരിതാശ്വാസ നിധി രൂപികരിച്ചിട്ടില്ല	1-36
57	IKM ന് വിഹിതം നൽകിയത് - വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു	1-37
58	തെരുവ് വിളക്ക് അറ്റകുറ്റപ്രവൃത്തി രണ്ടാംഘട്ടം - ചെലവഴിച്ച 255850/- രൂപ തടസ്സപ്പെടുത്തുന്നു.	1-38
59	വിവിധ സർക്കാർ ആശുപത്രികളിലും വിവിധ സർക്കാർ സ്കൂളുകളിലും സോളാർ സംവിധാനം ഒരുക്കൽ - പൂർത്തികരണ രേഖകൾ ഹാജരാക്കാത്തതിനാൽ 7480000/- രൂപ തടസ്സപ്പെടുത്തുന്നു.	1-39
60	പൊതു കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ - ടാപ്പുകളുടെ എണ്ണത്തിന് കൃത്യതയില്ലാത്തതിനാൽ അധികം തുക ഒടുക്കിയത് പരിശോധിക്കേണ്ടതാണ്.	1-40
61	നഗരസഭയിലെ വിവിധ സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 2312168 /- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-41
62	UHWC കെട്ടിടം വാടകയ്ക്ക് എടുത്തതിന് വാടക കണക്കാക്കിയ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല -114974/-രൂപ തടസ്സപ്പെടുത്തുന്നു	1-42
63	നഗരസഭയിൽ ഫയർ എക്സ്റ്റിംഗ്വിഷർ സ്ഥാപിച്ചതിന് ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല – 53475 /- രൂപ തടസ്സപ്പെടുത്തുന്നു	1-43
64	നഗരസഭ ആസ്തികളുടെ ജിഐഎസ് മാപ്പിംഗ് - വിവരങ്ങൾ കാലികമാക്കുന്നില്ല	1-44
65	HWC നടത്തിപ്പ് ചെലവുകൾ - വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല - 100000 /- രൂപ തടസ്സപ്പെടുത്തുന്നു	1-45
66	നഗരസഭ ഓഫീസ് ISO 9001 -2015 നിലവാരത്തിലേക്ക് ഉയർത്തൽ - ടെണ്ടർ ക്ഷണിക്കാതെ പ്രവൃത്തി നല്കി	1-46
67	ഐ .കെ .എം ന് മെമ്പർഷിപ്പ് തുക അനുവദിച്ചത്- മുൻവർഷങ്ങളിലെ ചെലവ് വിവരം ലഭ്യമല്ല	1-47
68	അംഗൻവാടികളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്	1-48
69	വിവിധ പ്രവൃത്തികൾക്കായി മുൻകൂർ കൈപ്പറ്റിയ തുകകൾ ക്രമീകരിച്ചില്ല- 2,66,067/- രൂപ തടസ്സപ്പെടുത്തുന്നു.	1-49
70	വിവിധ അർബൻ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകൾക്ക് ഫർണ്ണിച്ചർ വാങ്ങിയതിലെ അപാകം	1-50
71	നഗരസഭ റഗുലർ ജീവനക്കാരുടെ പെൻഷൻ ഫണ്ട് : ഡെത്ത് കം റിട്ടയർമെന്റ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല.	1-51
72	ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ അനുവദിച്ച ഹെൽത്ത് & വെൽനസ് സെന്ററുകളുടെ നടത്തിപ്പ് ചെലവ് ,പോളിക്ലിനിക്ക് സംവിധാനം ഒരുക്കൽ - വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.- 1089000/- രൂപ തടസ്സപ്പെടുത്തുന്നു.	1-52
73	അമൃത് 2.0കുടിവെള്ള പദ്ധതി-അപാകങ്ങൾ	1-53
74	പാഴായ പഠനയാത്ര	1-54
75	നഗരസഭയുടെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ശോചനീയ അവസ്ഥയിൽ	1-55

76	കേളുഗുഡെ ലെഗസി വേസ്റ്റ് ഡമ്പ് സൈറ്റ് - KSWMPബയോ റെമഡിയേഷൻ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല.	1-56
77	കന്നടഭാഷയിലുള്ള ജനന മരണ രജിസ്ട്രേഷനുകൾ ഇംഗ്ലീഷിലേക്ക് തർജ്ജിമ- നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.	1-57
78	നഗരസഭയിലെ വിവിധ പദ്ധതികൾക്കായി പണം ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല – 837806 /-രൂപ തടസ്സപ്പെടുത്തുന്നു.	1-58
79	ഹെൽത്ത് ഗ്രാന്റ് നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് മാറ്റിയത് - വിനിയോഗ സാക്ഷ്യപത്രം, ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല	1-59
80	ഹെൽത്ത് ഗ്രാന്റ് HMC അക്കൗണ്ടിലേക്ക് മാറ്റിയത് - വിനിയോഗ സാക്ഷ്യപത്രം ,ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല	1-60
81	ഹോമിയോ ഡിസ്പെൻസറിയിലേക്ക് ലാപ്പ്ടോപ്പ് വാങ്ങൽ- ലാപ്പ്ടോപ്പ് ലഭ്യമായിട്ടില്ല.	1-61
82	ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങൽ- മരുന്നുകൾ ലഭ്യമായിട്ടില്ല	1-62
83	തേനീച്ചയും തേനീച്ച കൂടും പദ്ധതി - വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.	1-63
84	വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു.	1-64
85	ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ നടത്തിപ്പ്- രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല-₹147576 തടസ്സപ്പെടുത്തുന്നു.	1-65
86	PMAY ഭവനനിർമ്മാണം -അപാകങ്ങൾ	1-66
87	വിദ്യാഭ്യാസ മേഖലയുടെ വികസനത്തിനായുള്ള വാർഷിക പദ്ധതികൾ നടപ്പിലായില്ല.	1-67
88	ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.	1-68
89	അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം - പ്രതീക്ഷിത ലക്ഷ്യം കൈവരിച്ചില്ല	1-69
90	ഷീ ലോഡ്ജ് പ്രവർത്തനക്ഷമമായില്ല.	1-70
91	പുതിയ ബസ്റ്റാൻഡിലെ ടേക്ക് എ ബ്രേക്ക് പ്രയോജനരഹിതം	1-71
92	വാർഡ് 27 – സൂപ്പിത്തോട് റോഡ് അവസാന ഭാഗം കോൺക്രീറ്റ് - ടെണ്ടർ കുറവ് അനുവദിച്ചതിലെ അപാകം	1-72
93	തുമ്പൂർമുഴി മാതൃക മാലിന്യസംസ്കരണ സംവിധാനങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. - 940482/- രൂപ തടസ്സപ്പെടുത്തുന്നു.	1-73
94	ചെന്നിക്കര ഗ്യാസ് ക്രിമിറ്റോറിയം അറ്റകുറ്റപ്പണിക്കുള്ള AMC – മെയിന്റനൻസ് നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയില്ല- 175000/- രൂപ തടസ്സപ്പെടുത്തുന്നു.	1-74
95	താളിപ്പടപ്പ് മൈതാനത്തിന്റെ 2023-24 വർഷത്തെ പാട്ട തുക ഒടുക്കിയത് - 2,80,750/- രൂപ തടസ്സപ്പെടുത്തുന്നു.	1-75
96	കരാർ കാലാവധിക്കുള്ളിൽ പൂർത്തികരിക്കാത്ത വിവിധ പ്രവൃത്തികൾക്ക് പിഴ ചുമത്തിയില്ല	1-76
97	ബാങ്കോട് ജംഗ്ഷൻ മുതൽ CP ഷംസുദ്ദീന്റെ വീടിന്റെ സമീപം വരെ ഡ്രൈനേജ് നവീകരണം കവറിംഗ് സ്ലാബ് നിർമ്മാണം സൈഡ് പ്രൊട്ടക്ഷൻ വാൾ -അധികം ചെലവഴിച്ച ₹294648നിരാകരിക്കുന്നു	1-77
98	ഹരിതകർമ്മസേനയുടെ പ്രവർത്തനം കാസറഗോഡ് നഗരസഭയിൽ	1-78

ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	കരാർ കാലാവധിക്കുള്ളിൽ പൂർത്തികരിക്കാത്ത വിവിധ പ്രവൃത്തികൾക്ക് പിഴ ചുമത്തിയില്ല	3-1
2	ബാങ്കോട് ജംഗ്ഷൻ മുതൽ CP ഷംസുദ്ദീന്റെ വീടിന്റെ സമീപം വരെ ഡ്രൈനേജ് നവീകരണം കവറിംഗ് സ്ലാബ് നിർമ്മാണം സൈഡ് പ്രൊട്ടക്ഷൻ വാൾ -അധികം ചെലവഴിച്ച ₹294648 നിരാകരിക്കുന്നു	3-2
3	PMAY ഭവനനിർമ്മാണം -അധികം നല്കിയ തുക നിരാകരിക്കുന്നു	3-3
ഭാഗം 4		
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ/വായ്പാ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ.	4-8
9	ചാർജ് /സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക	4-9
10	ഓഡിറ്റ് പ്രത്യവലോകനം.	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
4	റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	
5	ബാലൻസ് ഷീറ്റ്	

ഭാഗം -1

പൊതു അവലോകനം

1-1-1 കെ സ്മാർട്ട് ആപ്ലിക്കേഷൻ- പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള അപാകതകളും ന്യൂനതകളും

സംസ്ഥാനത്തെ നഗരപാലിക സ്ഥാപനങ്ങൾക്കായി (ഇൻഫർമേഷൻ കേരള മിഷൻ) ഐ.കെ.എം, തയ്യാറാക്കിയിട്ടുള്ള കെ-സ്മാർട്ട് (Kerala Solution For Managing Administrative Reformation And Transformation) ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള ഓഡിറ്റർ ലോഗിൻ മുഖേന നടത്തിയിട്ടുള്ള പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള അപാകതകളും ന്യൂനതകളും ചുവടെ ചേർക്കുന്നു

1. കെ. സ്മാർട്ടിൽ നിന്നും 01/01/2024 മുതൽ 31/03/2024 വരെയുള്ള ഡാറ്റാ സാംഖ്യയിലേക്ക് പോർട്ട് ചെയ്താണ് 2023-24 വർഷത്തെ ധനകാര്യ പത്രിക തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ പോർട്ട് ചെയ്ത ഇടപാടുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന യാതൊരു രേഖകളും/ടൂളുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 01/01/2024 മുതൽ 31/03/2024 വരെ കെ-സ്മാർട്ടിലൂടെ നടത്തിയിട്ടുള്ള മുഴുവൻ വരവ് ചെലവുകളും 2023-24 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

2. 2023-24 വാർഷിക കണക്ക് പ്രകാരമുള്ള വരവ്/ചെലവ് എന്നത് സാംഖ്യ പ്രകാരം 01/04/2023 മുതൽ 31/12/2023 വരെയുള്ള വരവ്/ചെലവിന്റെയും കെ-സ്മാർട്ട് പ്രകാരം 01/01/2024 മുതൽ 31/03/2024 വരെയുള്ള വരവ്/ചെലവിന്റെയും ആകെ തുകയാകേണ്ടതാണ്. എന്നാൽ പരിശോധനയിൽ പല ഇനങ്ങളിലും സാംഖ്യ പ്രകാരം 01/04/2023 മുതൽ 31/12/2023 വരെയുള്ള വരവിന്റെയും കെ-സ്മാർട്ട് പ്രകാരം 01/01/2024 മുതൽ 31/03/2024 വരെയുള്ള വരവിന്റെയും ആകെ തുകയല്ല വാർഷിക ധനകാര്യ പത്രിക പ്രകാരം 31/03/2024ലെ വരവ് തുക എന്ന് പരിശോധനയിൽ കണ്ടെത്തിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഇനം	സാംഖ്യ (31.12.2023)	കെ-സ്മാർട്ട് (31.03.2024)	ആകെ	വാർഷിക ധനകാര്യ പത്രിക (RP ഷെഡ്യൂൾ പ്രകാരം)	വ്യത്യാസം
1.	വസ്തു നികുതി	15921495	5364688	21286183	29094087	7807904
2.	തൊഴിൽ നികുതി	7013157	4365700	11378857	12822222	1443365

കൂടാതെ 01/01/2024 മുതൽ 31/03/2024 വരെ ചില ഇനങ്ങളിലുള്ള ചെലവുകൾ കെ-സ്മാർട്ടിലോ സാംഖ്യ ലഡ്ജറിലോ ഉൾപ്പെട്ടിട്ടില്ല. K-Smart പരിശോധനയ്ക്കായി ലഭ്യമാക്കിയ ഓഡിറ്റർ ലോഗിനിൽ Receipt And Payment ലഭ്യമാകുന്നില്ല.

3. സാംഖ്യയിൽ ഹെഡുകൾ അനുവദിച്ചിരുന്ന പല ഇനങ്ങൾക്കും കെ-സ്മാർട്ടിൽ ഹെഡുകൾ അനുവദിക്കപ്പെട്ടിട്ടില്ല. കൂടാതെ പല ഇനങ്ങളുടെയും സാംഖ്യ പ്രകാരമുള്ള ഹെഡ് ഓഫ് അക്കൗണ്ടും കെ-സ്മാർട്ടിലെ ഹെഡ് ഓഫ് അക്കൗണ്ടും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഇനം	സാംഖ്യ	കെ-സ്മാർട്ട്
Rent From Halls	1301002	1301001
Rent From Stadium	1301003	1301002

4.ഓരോ ശീർഷകങ്ങൾക്കുമെതിരെയുള്ള ഹെഡ് വൈസ് കൺസോളിഡേഷൻ റിപ്പോർട്ട് ലഭ്യമല്ലാത്തതിനാൽ ഡിമാന്റ് തുക പൂർണ്ണമായി പിരിച്ചെടുക്കപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.
ഉദാഹരണം: വിനോദ നികുതി, ലൈസൻസ് ഫീ.

5. റോഡ് കട്ട് ചെയ്യുന്നതിനുള്ള അപേക്ഷ ഓൺലൈനായി കൈകാര്യം ചെയ്യുന്നതിലേക്കായി ഏർപ്പെടുത്തിയിട്ടുള്ള 'സുഗമ' പോർട്ടലിൽ ലോഗിൻ അനുവദിക്കപ്പെട്ടില്ലാത്തതിനാൽ റോഡ് കട്ടിംഗ് ചാർജ്ജ് ഇനത്തിൽ വരവ് വന്നിട്ടുള്ള റസീപ്റ്റ് & പെയ്മെന്റിലെ RP -4 ലെ (15197/-) തുകയുടെ ആധികാരികത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

6. ഓഡിറ്റ് വർഷത്തെ ലെഡ്ജറുകൾ,വിവിധ ഫണ്ടുകളുടെ ACR ,Deposit Register,Loan Register മുതലായവ കെ-സ്മാർട്ട് ലോഗിനിൽ ലഭ്യമാകുന്നില്ല.

7.വരവിനങ്ങളുടെ Detailed DCB റിപ്പോർട്ട് ,കുടിശ്ശികയുള്ള ഇനങ്ങളുടെ Detailed Report എന്നിവ ലഭ്യമല്ല.DCB ഇനങ്ങളിൽ ഓരോ Entities ന്റെയും DCB ലഭ്യമാകുന്നില്ല. ഉദാഹരണം വസ്തുനികുതി ഒടുക്കാത്ത കെട്ടിടങ്ങളുടെ ലിസ്റ്റ്,കുടിശ്ശിക തുക, സ്ഥാപന തൊഴിൽ നികുതി ഒടുക്കിയ Traders/Institutions ന്റെ ലിസ്റ്റ്,ഒടുക്കിയ നികുതി , DCB ഇനങ്ങളുടെ ഡിമാൻഡ് രജിസ്റ്റർ, Traders List.

8.ഓരോ വരവിനങ്ങളുടെയും ഫയലുകൾ സോർട്ട് ചെയ്യാൻ സാധിക്കുന്നില്ല. വിവിധ ഇനങ്ങളിലുള്ള ഫയലുകൾ അവ ലഭ്യമായ തീയതിയുടെ അടിസ്ഥാനത്തിൽ മാത്രമാണ് കാണപ്പെടുന്നത്.
9.വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ട എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും വിവരങ്ങൾ കെ-സ്മാർട്ട് ലോഗിനിൽ ലഭ്യമല്ല.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.കാസറഗോഡ് മുനിസിപ്പാലിറ്റിയുടെ 2024 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 02.09.2024ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 25.09.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി

നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനു വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പു ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗ നിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗര പാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്ത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

ബി. വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാസറഗോഡ് മുനിസിപ്പാലിറ്റിയുടെ 2023-24 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-2 ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയോടൊപ്പം ഹാജരാക്കാനായി വിവിധ ചട്ടങ്ങൾ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള പല പത്രികകളും രേഖകളും ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ

നൽകുന്നു.

1. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 58 (2) (ഇ) പ്രകാരമുള്ള പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, 58 (3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ, അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) , എന്നിവ വാർഷിക കണക്കിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

2. കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 15 (1) (എ) പ്രകാരമുള്ള താഴെ പറയുന്ന പത്രികകൾ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഹാജരാക്കിയിട്ടില്ല.

എ) നിക്ഷേപങ്ങൾ (Statement Of Investments Made) സംബന്ധിച്ച പത്രിക.

ബി) ഡി സി ബി സംബന്ധിച്ച പത്രിക.

സി) ലോൺ സ്വീകരിച്ചത് സംബന്ധിച്ച പത്രിക.

ഇ) കടങ്ങളുടെ മുൻബാക്കി, തിരിച്ചടവ്, വർഷാന്ത്യ ബാക്കി എന്നിവ സംബന്ധിച്ച പത്രിക.

3. കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 15 (1) (ബി) പ്രകാരമുള്ള താഴെ പറയുന്ന പത്രികകൾ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഹാജരാക്കിയിട്ടില്ല.

എ) ലോൺ ലഭിച്ചതിന്റെയും വിനിയോഗിച്ചതിന്റെയും പത്രിക.

ബി) തൻവർഷം ഏറ്റെടുത്ത പൊതുമരാമത്ത് പ്രവൃത്തികളുടെയും അവയ്ക്കായി ചെലവഴിച്ച തുകയുടെയും മിച്ചമുള്ള തുകയുടെയും വിവരങ്ങൾ കാണിക്കുന്ന പത്രിക.

1-1-3 കുടിശ്ശിക തുക പരിശോധിക്കാനുള്ള രേഖകൾ ലഭ്യമാക്കിയില്ല.

RP-37, B-15 ഷെഡ്യൂളുകളിലെ വസ്തു നികുതി,സ്ഥാപന തൊഴിൽ നികുതി, എഫ്.ടി.ഇ ആൻഡ് ഒ.എസ് ലൈസൻസ് ഫീ ,വാടക എന്നിവയുടെ കുടിശ്ശിക തുക പരിശോധിക്കാനുള്ള രേഖകൾ ലഭ്യമാക്കിയില്ല.

1-1-4 ഡെപോസിറ്റ് തുകകൾ പൊരുത്തപ്പെടുന്നില്ല.

B7(2022-23) (Deposits Received)	RP-27 (2023-24) (ലഭ്യമായത്)	RP-27 (2023-24) (തിരികെ നൽകിയത്)	Balance	B7(2023-24) പ്രകാരം ബാലൻസ്	ബാലൻസിലെ വ്യത്യാസം
21027191	422209	2936567	18512833	20982987	2470154

ഡെപോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-7 ഷെഡ്യൂളിലെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-5 റസീപ്റ്റ് ആൻഡ് പേയ്മെന്റിലുള്ള തുകയും സാംഖ്യ ലെഡ്ജർ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

താഴെക്കൊടുത്തിരിക്കുന്നവയുടെ റസീപ്റ്റ് ആൻഡ് പേയ്മെന്റിലുള്ള തുകയും സാംഖ്യ ലെഡ്ജർ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

വരവ് ഇനം	സാംഖ്യ ലെഡ്ജർ പ്രകാരമുള്ളത്	R&P പ്രകാരമുള്ളത്
തൊഴിൽ നികുതി ജീവനക്കാർ	13026722	12822222
വാടക-സ്റ്റാഫ് ക്വാർട്ടേഴ്സ്	66500	2500
മണൽ വിൽപന	487531	533931

1-1-6 അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല.

B-18 ഷെഡ്യൂൾ പ്രകാരം Festival Advance To Employees എന്ന ഹെഡിൽ ₹260800 ബാലൻസ് ഉണ്ട്.എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ₹133000 മാത്രമേ തിരിച്ചടയ്ക്കാനുള്ളു.അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല.അക്കൗണ്ട് പ്രകാരം ₹84000 മുന്നിരിപ്പ് ഉണ്ടെങ്കിലും ആയത് അഡ്വാൻസ് രജിസ്റ്ററിൽ ഇല്ല. അഡ്വാൻസ് രജിസ്റ്ററിൽ തുകകളുടെ വാർഷിക സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂളിലെ തുകകളുമായി ഒത്തുനോക്കാൻ സാധിക്കുന്നില്ല.

1-1-7 അക്കൗണ്ടുകളുടെ ബാലൻസ് പരിശോധിക്കുന്നതിനാവശ്യമായ ബാങ്ക്,ട്രഷറി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കിയിട്ടില്ല.

വാർഷിക ധനകാര്യപത്രിക RP-40(B) യിൽ കൊടുത്തിരിക്കുന്ന താഴെക്കൊടുത്തിരിക്കുന്ന അക്കൗണ്ടുകളുടെ ബാലൻസ് പരിശോധിക്കുന്നതിനാവശ്യമായ ബാങ്ക്,ട്രഷറി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കിയിട്ടില്ല.

ക്രമ നം	ബാങ്ക്/ട്രഷറി	തുക
1	HDFC Own Fund 6702	2982
2	Canara Bank1434	1,655,783
3	Union Bank 3353	3,639,464.54
4	Syndicate Bank A/C.42042200057808	17,892
5	CANARA BANK URBAN HEALTH AND WELNESS CENTRES 5879	14,162,086
6	Corparation Bank (Saksharatha) A/C.NO.	13,461.50

	6966	
7	CANARA BANK 5675	3,654,803
8	ANDHRA BANK 0036	0
9	Nationalised Banks - Muncipal Fund_11	0
10	Nationalised Banks - Municipal Fund _3	0
11	Nationalised Banks - Municipal Fund _5	0
12	Treasury MF A/C I GENERAL PURPOSE	0
13	TSB(OWN FUND) A/C	0
14	Treasury PD A/C	0
15	Treasury OF 1 TRANSFERED FUND	0
16	Treasury Account - COVID 914	0
17	Treasury -OF2 TPA-449 UPA	0
18	Treasury -Municipal Funds _5 TPA- Pension 454	0
19	LGTSB 987	0
20	Nationalised Banks-Special Funds _2	0
21	BANK OF MAHARASHTRA	0
22	CICI SBM(URBAN)2629	0
23	Scheduled Co-Operative Banks-Special Funds _1	0
24	Treasury Savings	0
25	INDIAN BANK PM SWANIDHI 4665	0
26	SBT A/C. NO. 67143711797	0

ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

1-1-8 വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1.31.03.2024 വരെ കാലികമാക്കി ബാലൻസ് ഷീറ്റിലെ B11 ഷെഡ്യൂളുകളുമായി പൊരുത്തപ്പെടുത്തിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2.ബാലൻസ് ഷീറ്റിലെ B-11 ഷെഡ്യൂളിൽ Capital Work In Progress ഇനത്തിൽ ₹11057778 നിലനിൽക്കുന്നുണ്ട്.പാർട്ട് ബിൽ കൊടുത്തിട്ടുള്ള വിവിധ പ്രവർത്തികളുമായി ബന്ധപ്പെട്ട വിവരങ്ങൾ അടങ്ങിയ രജിസ്റ്ററോ രേഖകളോ ഹാജരാക്കാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3.ബാലൻസ് ഷീറ്റിലെ B-14 ഷെഡ്യൂളിൽ Closing Stock Stores ഇനത്തിൽ ₹459076 നീക്കിയിരിപ്പുണ്ട്.ഇത് സ്റ്റോക്ക് രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി ഹാജരാക്കാത്തതിനാൽ പ്രസ്തുത തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4.ഗുണഭോക്തൃ വിഹിതമിനത്തിൽ B4 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള ₹4237882 ഏത് പദ്ധതിക്കുവേണ്ടി പിരിച്ചെടുത്തതിന്റെ ബാക്കിയാണെന്നുള്ള വിവരം കാണിക്കുന്ന രജിസ്റ്റർ ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5.റസീപ്റ്റ് ആൻഡ് പേയ്മെന്റ് അക്കൗണ്ട് RP-5 ഷെഡ്യൂൾ പ്രകാരം ₹38434 ടെണ്ടർ ഫോറങ്ങളുടെ വിറ്റുവരവായി കാണിച്ചിട്ടുണ്ട്.ടെണ്ടർ പ്രോഗ്രാമുകളുടെ സ്റ്റോക്ക് വിതരണ രജിസ്റ്റർ ഹാജരാക്കാത്തതിനാൽ പരിശോധിക്കാൻ സാധിക്കുന്നില്ല.

6.അക്യുമിലേറ്റഡ് ഡിപ്രിസിയേഷൻ തുകയുടെ കൃത്യത ഉറപ്പു വരുത്താവുന്ന രീതിയിൽ രേഖകൾ സൂക്ഷിച്ചിട്ടില്ല.ആസ്തികൾ നിശ്ചിതനിരക്കിൽ തേയ്മാനം കണക്കാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1-1-9 വസ്തുനികുതി,തൊഴിൽ നികുതി, വാടക എന്നിവയുടെ ഡിമാന്റ്, കളക്ഷൻ,ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രികയിലെ താഴെ കൊടുത്തിരിക്കുന്ന ഇനങ്ങളുടെ ഡിമാന്റിൽ നിന്ന് കലക്ഷൻ കുറയ്ക്കുമ്പോൾ ലഭിക്കുന്ന തുക ബാലൻസ് ഷീറ്റിലെ B15 ഷെഡ്യൂളിലെ ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

വരവിനം	**ഡിമാന്റ്**	**കലക്ഷൻ**	ബാലൻസ് ഷീറ്റ് B15 പ്രകാരം	ഡിമാന്റ്, കലക്ഷൻ എന്നിവ തമ്മിലുള്ള വ്യത്യാസം
	ഇൻകം ആന്റ് എക്സ്പെൻഡിച്ചർ(I-1, I-4(B), I-3)	തൻ വർഷം കലക്ഷൻRP-37, RP-1		

വസ്തുനികുതി	51200000	29253429	23160276	21946571
തൊഴിൽ നികുതി (Employees)	13026722	12822222	-	204500
Rent-Civic Amenities	18800000	18338084	416538	461916

<u>1-1-10 വരവ് ഇനങ്ങളുടെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.</u>

സ്ഥാപന തൊഴിൽ നികുതി, എഫ്.ടി.ഇ.ആൻഡ് & ഓ ലൈസൻസ് ,വാടക തുടങ്ങിയ വരവ് ഇനങ്ങളുടെയൊന്നും സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.ആയതിനാൽ AFS ലെ ബാലൻസ് ഷീറ്റിലെ B15 ഷെഡ്യൂൾ പ്രകാരമുള്ള തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

<u>1-1-11 തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള ലോൺ വിവരങ്ങൾ ലഭ്യമല്ല.</u>

തൻവർഷം ലഭിച്ച ₹1160000 മാത്രമാണ് തിരിച്ചടയ്ക്കാനുള്ള ലോൺ(ഹഡ്കോ) ആയി B-5 ഷെഡ്യൂളിൽ ബാലൻസ് ഉള്ളത്. 01.03.2019 ന് PMAY അക്കൗണ്ട് ആയ A/C No.022001001737,ICICI Bank ലേക്ക് ലഭിച്ച ₹34,40,000 ,2018-19 വാർഷികധനകാര്യ പത്രികയിൽ Grants,Contribution For Specific Purposes-Central Government(320100100) എന്ന ഹെഡിലാണ് വരവ് വച്ചിരിക്കുന്നത്. ₹46,00,000 യിൽ എത്ര തുക ഉപയോഗിച്ചു,എത്ര തുക തിരിച്ചടയ്ക്കാൻ ബാക്കിയുണ്ട് എന്നീ വിവരങ്ങൾ അടങ്ങിയ ലോൺ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

<u>1-1-12 2022-23 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ബാധ്യത തുകകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം.</u>

2022-23 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ബാധ്യത തുകകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസമുണ്ട്.വിശദവിവരം ചുവടെ കൊടുക്കുന്നു.

വിവരണം	2022-23 AFS ലെ B1 തുക	2023-24 AFS ലെ Trial Balance OB(Balance Sheet)
General Fund	160917464.44	4167458.56
Excess Of Income Over Expenditure	27751124	184501129.88

1-1-13 ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ 31.03.2024 വരെ Cheques Deposited But Not Collected ആയുള്ള തുകകൾ അക്കൗണ്ടിൽ ക്രഡിറ്റ് ആയോയെന്ന് വ്യക്തമല്ല.

താഴെക്കൊടുത്തിരിക്കുന്ന ബാങ്കുകളുടെ 2023-24ലെ ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ 31.03.2024 വരെ "Cheques Deposited But Not Collected ആയുള്ള തുകകൾ അക്കൗണ്ടിൽ ക്രഡിറ്റ് ആയോയെന്ന് വ്യക്തമല്ല.

ബാങ്ക്	തുക
South Indian Bank	171324
Punjab National Bank	971877
Canara Bank	849572
State Bank Of India	1160010

1-1-14 ഡിമാന്റ് തുക വരവിനേക്കാൾ കുറവ്

Sale Of Sand എന്ന വരവ് ഇനത്തിൽ വരവിനേക്കാൾ കുറവാണ് ഡിമാൻഡ് തുക. വാർഷിക ധനകാര്യപത്രികയിൽ Sale Of Sand ഡിമാന്റിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഒരു അപാകതയാണ്.

ഡിമാൻഡ്	487531
വരവ്	533931

1-1-15 I-18 ഷെഡ്യൂൾ പ്രകാരമുള്ള Prior Period ഇനങ്ങളുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകളില്ല.

1)I-18 ഷെഡ്യൂൾ പ്രകാരമുള്ള Prior Period Expenditure ന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

വിവരണം	തുക
Programme Expenses	-410000
Establishment Expenses	14872556
Operation And Maintenance Expense	16978

2)I-18 ഷെഡ്യൂൾ പ്രകാരമുള്ള Prior Period Income ന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

വിവരണം	തുക

Tax Remission & Refund Sanitation Tax	139256
Remission And Refunds-Other Rents	2000

1-1-16 വസ്തുനികുതിയുടെ ഡിമാന്റ് , കളക്ഷൻ , ബാലൻസ് പൊരുത്തപ്പെടുന്നില്ല

കെ സ്മാർട്ട് നിന്നും ലഭ്യമാക്കിയ വസ്തുനികുതിയുടെ ഡിമാന്റ് , കളക്ഷൻ , ബാലൻസ് തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല . വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതിയുടെ ഡിമാന്റിൽ നിന്നും കലക്ഷൻ കുറച്ചാൽ ബാലൻസ്ഷീറ്റിലെ നീക്കിയിരിപ്പ് തുക ലഭിക്കുന്നില്ല. ബാലൻസ് ഷീറ്റിലെ നീക്കിയിരിപ്പിൽ 1054363/- രൂപ (23160276 – 22105913) വ്യത്യാസമുണ്ട്. ആയത് പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു.

ഇനം	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
വാർഷിക ധനകാര്യ പത്രിക	51200000	29094087	23160276
കെ സ്മാർട്ട് സ്റ്റേറ്റ്മെന്റ്	53748420	34431849	19316571

1-1-17 Equity Share സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല

ബാലൻസ് ഷീറ്റിലെ B12 ഷെഡ്യൂളിൽ Investment Equity Shares ഇനത്തിൽ 2029000/- രൂപ നീക്കിയിരിപ്പുണ്ട്. ആയതിന്റെ ഒറിജിനൽ ഷെയർ സർട്ടിഫിക്കറ്റുകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ പ്രസ്തുത തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-18 തൊഴിലുറപ്പുമായി ബന്ധപ്പെട്ടുള്ള ട്രഷറി അക്കൗണ്ട് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടില്ല

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ട്രഷറി അക്കൗണ്ടിൽ നഗരസഭ ബിംസ് സ്റ്റേറ്റ്മെന്റ് പ്രകാരം 195785/- രൂപ 31.03.2024 ന് നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ അക്കൗണ്ട് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

1-1-19 കാഷ് നീക്കിയിരിപ്പ് അക്കൗണ്ടിൽ ഒടുക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല

2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ആർ.പി 40ബി പത്രിക,ബി 17 ഷെഡ്യൂൾ പ്രകാരം 31.03.2024 ലെ ക്യാഷ് നീക്കിയിരിപ്പ് 23,54,426.00 രൂപയാണ്. പ്രസ്തുത തുകയെ സാധൂകരിക്കുന്ന രേഖകളോ തുക തൊട്ടടുത്ത ദിവസം തന്നെ തുക അക്കൗണ്ടിൽ ഒടുക്കിയതിന്റെ രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-2 ബജറ്റ്

സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് 21-03-2023 തീയതിയിലെ അടിയന്തിര യോഗത്തിൽ അവതരിപ്പിക്കുകയും 1/1 നമ്പർ തീരുമാന പ്രകാരം ഭേദഗതികളൊന്നുമില്ലാതെ

അംഗീകരിക്കുകയുണ്ടായി. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 13/02/2024 തീയതിയിലെ യോഗത്തിലെ 5-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശ നൽകുകയും ഭരണസമിതിയുടെ 17-02-2024 തീയതിയിലെ അടിയന്തിര യോഗത്തിലെ 1/1 നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

	ബജറ്റ് പ്രകാരം	പുതുക്കിയ ബജറ്റ് പ്രകാരം
മുന്നിരിപ്പ്(₹)	75544087	102134423
വരവ്(₹)	499881800	517826255
ആകെ (₹)	575425887	619960678
ചെലവ്(₹)	519888528	547156187
നീക്കിയിരിപ്പ്(₹)	55537359	72804491

ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, നീക്കിയിരിപ്പ് തുകകളിലെ വലിയ അന്തരത്തിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം).

മുന്നിരിപ്പ്	9,43,97,474.04/-
വരവ്	30,39,45,253/-
ആകെ	39,83,42,727.04/-
ചെലവ്	29,54,13,845.00/-
നീക്കിയിരിപ്പ്	10,29,28,882.04/-

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	വരവ് (എ.സി.ആർ പ്രകാരം)	ആകെ	ചെലവ് (എ.സി.ആർ പ്രകാരം)	നീക്കിബാക്കി/ നഷ്ടമായ തുക
വികസന ഫണ്ട്-ജനറൽ	-	41745258	41745258	34750710	6994548

വികസന ഫണ്ട്-എസ്.സി.പി	-	5580000	5580000	2036356	3543644
വികസന ഫണ്ട്-ടി.എസ്.പി	-	964600	964600	83000	881600
മെയിന്റനൻസ്, റോഡ്	-	8873350	8873350	1676503	7196847
മെയിന്റനൻസ്, നോൺ-റോഡ്	-	28197400	28197400	15892188	12305212
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്	5414587	19435000	24849587	23001858	1847729
സാക്ഷരത	13461.50	-	13461.50	--	